# പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# (ഹയർ സെക്കൻഡറി വിഭാഗം) ജഗതി,
# തിരുവനന്തപുരം -695014
## (സാന്നിദ്ധ്യം: ശ്രീ. ഷാനവാസ്. എസ്, ഐ.എ.എസ്)

## സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് – ഹയർ സെക്കൻഡറി വിഭാഗം - ജീവനക്കാര്യം - സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-26** വർഷത്തെ പൊതു സ്ഥലംമാറ്റം-അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ. HSE/3693/2025-Ad C6** **തീയതി :25-05-2025**

പരാമർശം

1. **02.03.2019**-ലെ സ.ഉ(സാധാ) നം.**838/2019**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. **27.03.2025** ലെ സ.ഉ(സാധാ) നം.**2282/2025**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. **07.04.2025**-ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
4. **09.04.2025**-ലെ സഉ(സാധാ) നം.**2592/2025**/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
5. **16.04.2025**-ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
6. **18.04.2025**-ലെ കൈറ്റ്/**2025/1748(10)** നമ്പർ സർക്കുലർ
7. **19.04.2025**-ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
8. **26.04.2025** ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
9. **29.04.2025**-ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
10. **30.04.2025**-ലെ സഉ(സാധാ) നം.**3024/2025**/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
11. **20.05.2025**-ലെ **HSE/3693/2025-Ad C6** നമ്പർ സർക്കുലർ
12. **20.05.2025**ലെ **HSE/3693/2025-Ad C6 (1)** നമ്പർ സർക്കുലർ

13. OP(KAT)208/2025 മേലുള്ള ബഹു.കേരളാ ഹൈക്കോടതിയുടെ 19/05/2025 തീയതിയിലെ വിധിന്യായം നടപ്പിലാക്കി കൊണ്ടുള്ള 25.05.2025-ലെ HSE/3961/2025-Ad C3 നമ്പർ നടപടിക്രമം

## ഉത്തരവ്

1. പരാമർശം (1) സർക്കാർ ഉത്തരവിനെ അടിസ്ഥാനപ്പെടുത്തിയും 2023-24ൽ നടത്തിയ ട്രാൻസ്ഫർ പ്രക്രിയയിലെ നോംസ് പിന്തുടർന്നുമാണ് 2025-26 ലെ ട്രാൻസ്ഫർ പ്രക്രിയ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (KITE) വഴി (പരാമർശം 2) നടത്തുന്നത്.

2. പരാമർശം (4) പ്രകാരം ട്രാൻസ്ഫർ മാനദണ്ഡങ്ങൾ സർക്കുലർ വഴിയും വെബ്സൈറ്റ് വഴിയും പ്രസിദ്ധീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ ട്രാൻസ്ഫറിനു മുന്നോടിയായി അധ്യാപകരുടെ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനും, പ്രിൻസിപ്പാൾമാർ അവ verify ചെയ്യാനും, ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും ഏപ്രിൽ 16 വരെ സമയം അനുവദിച്ച് പരാമർശം (3) പ്രകാരം വിശദമായ സർക്കുലർ പുറപ്പെടുവിച്ചു. പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യാനുള്ള അവസാന തീയതി ഏപ്രിൽ 16 ൽ നിന്നും ഏപ്രിൽ 21 വരെ ദീർഘിപ്പിച്ച് പരാമർശം (5) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു.

3. സ്റ്റാഫ് ഫിക്സേഷൻ മൂലമുണ്ടാകുന്ന Excess Teachers നെ സാങ്കേതികമായി പോർട്ടലിൽ ഉൾപ്പെടുത്താൻ പരാമർശം (6) പ്രകാരവും, പ്രിൻസിപ്പാൾ പോസ്റ്റിംഗുമായി ബന്ധപ്പെട്ട Excess അധ്യാപകരുടെ കാര്യവുമായി ബന്ധപ്പെട്ട് പരാമർശം (7) പ്രകാരവും സർക്കുലറുകൾ പുറപ്പെടുവിച്ചു. ഇക്കാര്യങ്ങളിൽ പരാതികൾ പരിഹരിക്കാനായി നേരിട്ട് ഹെൽപ്പ് ഡെസ്കിനെ സമീപിക്കാൻ ഏപ്രിൽ 22 വരെ അവസരവും നൽകി.

4. പരാമർശം (8) പ്രകാരം സ്ഥലമാറ്റവും നിയമനവും നടത്തുന്നതിന് മെയ്

3 വരെ സമയം അനുവദിച്ച് വിശദമായ സർക്കുലർ പുറത്തിറക്കി. പ്രൊഫൈൽ അപ്ഡേറ്റുമായി ബന്ധപ്പെട്ട തിരുത്തലുകൾ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന് ഡയറക്ടറേറ്റിൽ നേരിട്ട് ഹാജരായി തിരുത്തുകൾ വരുത്താൻ ഏപ്രിൽ 28നും 29നും ഈ സർക്കുലർ പ്രകാരം സമയം അനുവദിച്ചു.

5. പ്രൊഫൈൽ തിരുത്തലുകൾക്കായി വീണ്ടും ഏപ്രിൽ 30നും മെയ് 2നും സമയം അനുവദിച്ചും മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ വ്യക്തത വരുത്തിയും പരാമർശം (9) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചു.

6. പരാമർശം (10) പ്രകാരം 2025-26 ലെ പൊതു സ്ഥലംമാറ്റവും നിയമനവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിച്ച് തീരുമാനമെടുക്കാൻ സമിതി രൂപീകരിച്ച് സർക്കാർ ഉത്തരവായി. പരാമർശം (11)-ൽ ഈ സമിതിക്ക് പരാതി നൽകേണ്ട വിശദാംശങ്ങൾ പ്രസിദ്ധീകരിച്ചു.

7. 2025-26 ജനറൽ ട്രാൻസ്ഫറിന്റെ ഭാഗമായി പ്രൊവിഷണൽ ലിസ്റ്റ് www.dhsetransfer.kerala.gov.in-ൽ പരാമർശം (12) പ്രകാരം പ്രസിദ്ധീകരിക്കുകയും പ്രൊവിഷണൽ ലിസ്റ്റിന്മേൽ പരാതികൾ സമർ പ്പിക്കാൻ 24.05.2025 ന് വൈകുന്നേരം 5 മണി വരെ അവസരം നൽകുകയും ചെയ്തു. ഇക്കാലയളവിൽ ലഭിച്ച പരാതികളിന്മേൽ വിശദമായ പരിശോധനകൾ നടത്തിയാണ് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നത്.

8. ട്രാൻസ്ഫർ പോർട്ടലിൽ വിവിധ ഘട്ടങ്ങളിൽ കൃത്യമല്ലാത്ത വിവരം നൽകിയ പ്രിൻസിപ്പാൾമാർക്കും, അധ്യാപകർക്കും എതിരെ പരാമർശം (1) സർക്കാർ ഉത്തരവിലെ 8(VIII) വ്യവസ്ഥ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

9. ബഹു.കേരള ഹൈക്കോടതി OP(KAT) No.208/2025 മേൽ 19.05.2025 ന് പുറപ്പെടുവിച്ച ഉത്തരവുകൾ പാലിച്ചുകൊണ്ട് നടപടിക്രമ ഉത്തരവ് പരാമർശം (13) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ സർക്കാർ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകരുടെ **2025-2026** അധ്യായന വർഷത്തെ പൊതുസ്ഥലംമാറ്റ അന്തിമ പട്ടികയ്ക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു. ബന്ധപ്പെട്ട അധ്യാപകർ സ്ഥലംമാറ്റ ഉത്തരവ് ട്രാൻസ്ഫർ പോർട്ടലിൽ (**www.dhsetransfer.kerala.gov.in**) നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും അതത് പ്രിൻസിപ്പാൾമാർ ടി. അധ്യാപകരെ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതുമാണ്. അധ്യാപകര് ജോലിയിൽ പ്രവേശിച്ച ഉടൻതന്നെ അത് ട്രാൻസ്ഫർ പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

Signed by Shanavas S
Date: 25-05-2025 20:26:38

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ് :**
1. ബന്ധപ്പെട്ട അധ്യാപകർക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. ബന്ധപ്പെട്ട ഡി.റ്റി.ഒ/എസ്.റ്റി.ഒ
5. പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്
6. സി.ഇ.ഒ, കൈറ്റ്
7. ബന്ധപ്പെട്ട ആർ.ഡി.ഡി മാർ
8. കരുതൽ ഫയൽ/അധികം